**മധുരമായ കുട്ടികളെ, തന്റെ ജയ പരാജയത്തിന്റെ ചരിത്രത്തെ ഓർമ്മിക്കൂ. ഇത് സുഖ–ദുഃഖത്തിന്റെ കളിയാണ്. ഇതിൽ മുക്കാൽ ഭാഗം സുഖവും കാൽ ഭാഗം ദുഃഖവുമാണ്. ഒരേപോലെയല്ല.**

**ചോദ്യം –** ഈ പരിധിയില്ലാത്ത നാടകം വളരെ അത്ഭുതകരമാണ് –എങ്ങനെ?
**ഉത്തരം –** ഈ പരിധിയില്ലാത്ത ഡ്രാമ ഇത്രയും അത്ഭുതകരമാണ്, ഓരോ സെക്കന്റും മുഴുവൻ സൃഷ്ടിയിലും എന്താണോ നടന്നുകൊണ്ടിരിക്കുന്നത്, അത് വീണ്ടും അതേപോലെ ആവർത്തിക്കും. ഈ ഡ്രാമ പേനിനെപ്പോലെ ചലിച്ചുകൊണ്ടിരിക്കും, ടിക് ടിക് എന്നടിച്ചുകൊണ്ടിരിക്കും. ഒരു നിമിഷം പോലെയല്ല അടുത്തത് അതുകൊണ്ട് ഇത് വളരെ അത്ഭുതകരമായ ഡ്രാമയാണ്. മനുഷ്യരുടെ നല്ലതും മോശമായതുമായ എല്ലാ പാർട്ടുകളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ കാര്യം നിങ്ങൾ കുട്ടികൾ തന്നെയാണ് മനസ്സിലാക്കുന്നത്.

**ഓം ശാന്തി –** ഓം ശാന്തിയുടെ അർത്ഥം കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് എന്തെന്നാൽ ഇപ്പോൾ ആത്മാഭിമാനിയായി മാറിയിരിക്കുകയാണ്. ആത്മാവ് തന്റെ പരിചയം നൽകുകയാണ്, നമ്മൾ ആത്മാവാണ്. ആത്മാവിന്റെ സ്വധർമ്മമാണ് ശാന്തി. ഇപ്പോൾ എല്ലാ ആത്മാക്കളും വീട്ടിൽ പോകുന്നതിനുള്ള പരിപാടിയിലാണ്. വീട്ടിൽ പോകുന്നതിനുള്ള ഈ പ്രോഗ്രാം ആരാണ് പറഞ്ഞുതരുന്നത്? തീർച്ചയായും ബാബ തന്നെ പറഞ്ഞുതരും. അല്ലയോ ആത്മാക്കളെ, ഇപ്പോൾ പഴയ ലോകം അവസാനിക്കണം. എല്ലാ അഭിനേതാക്കളും വന്നുകഴിഞ്ഞു. കുറച്ചുപേർ കൂടി ബാക്കിയുണ്ട്. ഇപ്പോൾ എല്ലാവർക്കും തിരിച്ചുപോകണം. പിന്നീട് പാർട്ട് ആവർത്തിക്കണം. നിങ്ങൾ കുട്ടികൾ ശരിക്കും ആദിസനാതന ദേവീദേവതാ ധർമ്മത്തിലുള്ളവരായിരുന്നു. ആദ്യമാദ്യം സത്യയുഗത്തിൽ വന്നു പിന്നീട് പുനർജ്ജന്മം എടുത്തെടുത്ത് ഇപ്പോൾ അന്യന്റെ രാജ്യത്തിൽ വന്നു പെട്ടിരിക്കുന്നു. ഇത് കേവലം നിങ്ങൾ ആത്മാക്കൾ മാത്രമേ അറിയുന്നുള്ളു, മറ്റാരും അറിയുന്നില്ല. നിങ്ങൾ ഒരു ബാബയുടെ കുട്ടികളാണ്. മധുര മധുരമായ കുട്ടികളോട് ബാബ പറയുന്നു – കുട്ടികളെ, നിങ്ങളിപ്പോൾ അന്യന്റെ ദേശമായ രാവണന്റെ രാജ്യത്തിൽ വന്നുപെട്ടു. തന്റെ രാജ്യഭാഗ്യത്തെ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. 5000 വർഷങ്ങൾക്കു മുമ്പ് സത്യയുഗത്തിൽ ദേവീദേവതാ ധർമ്മമായിരുന്നു. പകുതി കൽപം നിങ്ങൾ രാജ്യം ഭരിച്ചു. കാരണം പടികൾ താഴേക്കിറങ്ങുകതന്നെ വേണം. സത്യയുഗത്തിലും ത്രേതായുഗത്തിലും പിന്നീട് ദ്വാപരകലിയുഗങ്ങളിലേയ്ക്കും വരണം – ഇത് മറക്കരുത്. തന്റെ ജയപരാജയത്തിന്റെ ചരിത്രത്തെ ഓർമ്മിക്കൂ. കുട്ടികൾക്കറിയാം നമ്മൾ സത്യയുഗത്തിൽ സതോപ്രധാനവും, സുഖധാമത്തിൽ വസിക്കുന്നവരുമായിരുന്നു. പിന്നീട് പുനർജ്ജന്മം എടുത്ത് ദുഃഖധാമത്തിൽ ജീർണ്ണിച്ച അവസ്ഥയിൽ എത്തിച്ചേർന്നു. ഇപ്പോൾ വീണ്ടും നിങ്ങൾ ആത്മാക്കൾക്ക് ബാബയിൽനിന്നും ശ്രീമത്ത് ലഭിച്ചിരിക്കുകയാണ്. കാരണം ആത്മാക്കളും പരമാത്മാവും വേർപിരിഞ്ഞിരിക്കുകയായിരുന്നു... നിങ്ങൾ കുട്ടികൾ വളരെയധികം കാലം വേർപിരിഞ്ഞിരുന്നവരാണ്. ആദ്യം നിങ്ങൾ വേർപെട്ട് സുഖത്തിന്റെ പാർട്ട് അഭിനയിക്കാൻ വന്നു. പിന്നീട് നിങ്ങളുടെ രാജ്യഭാഗ്യം നഷ്ടപ്പെട്ടു. ദുഃഖത്തിന്റെ പാർട്ടിലേക്ക് വന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വീണ്ടും സുഖശാന്തിയുടെ രാജ്യഭാഗ്യം നേടണം. ആത്മാക്കൾ പറയാറുണ്ട് വിശ്വത്തിൽ ശാന്തിയുണ്ടാകണം. ഈ സമയം തമോപ്രധാനമായതുകാരണം വിശ്വത്തിൽ അശാന്തിയാണ്. ഇത് ശാന്തിയുടേയും അശാന്തിയുടേയും, സുഖ–ദുഃഖത്തിന്റേയും കളിയാണ്. നിങ്ങൾക്കറിയാം 5000 വർഷത്തിനുമുമ്പ് വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. മൂലവതനം തന്നെയാണ് ശാന്തിധാമം. അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. മൂലവതനത്തിൽ അശാന്തിയുടെ പ്രശ്നമേയില്ല. സത്യയുഗത്തിൽ ശാന്തിയുണ്ടായിരുന്നു. പിന്നീടുള്ള വീഴ്ചയിൽ അശാന്തിയുണ്ടായി. ഇപ്പോൾ വിശ്വത്തിൽ മുഴുവനും ശാന്തി ആഗ്രഹിക്കുന്നു. ബ്രഹ്മതത്വത്തെ വിശ്വം എന്ന് പറയില്ല. അതിനെ ബ്രഹ്മാണ്ഡമെന്നാണ് പറയുന്നത്, ബ്രഹ്മാണ്ഡത്തിലാണ് നിങ്ങൾ ആത്മാക്കൾ വസിക്കുന്നത്. ആത്മാവിന്റെ സ്വധർമ്മമാണ് ശാന്തി. ആത്മാവ് ശരീരത്തിൽനിന്നും വേറിടുന്നതിലൂടെ ശാന്തമാകുന്നു. പിന്നീട് ശരീരം എടുക്കുന്നതിലൂടെ ശബ്ദത്തിലേക്ക് വരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഇവിടേക്ക് എന്തിനുവേണ്ടിയാണ് വന്നിരിക്കുന്നത്? പറയാറുണ്ട് – ബാബാ, ഞങ്ങളെ ശാന്തിധാമത്തിലേക്കും, സുഖധാമത്തിലേക്കും കൊണ്ടുപോകൂ. ശാന്തി ധാമത്തിൽ അഥവാ മുക്തിധാമത്തിൽ സുഖ–ദു:ഖത്തിന്റെ പാർട്ടില്ല. സത്യയുഗമാണ് സുഖധാമം. കലിയുഗമാണ് ദു:ഖധാമം. ഇറങ്ങുന്നത് എങ്ങിനെയാണ്? പടിയുടെ ചിത്രത്തിൽ കാണിച്ചിട്ടുണ്ട്. നിങ്ങൾ പടികൾ ഇറങ്ങിവന്നു വീണ്ടും ഒരു പ്രാവശ്യം കയറണം. പാവനമായി മാറുമ്പോൾ കയറുന്നു. പതിതമായി മാറുമ്പോൾ ഇറങ്ങുന്നു. പാവനമായി മാറാതെ കയറാൻ

സാധിക്കില്ല, അതുകൊണ്ടാണ് വിളിക്കുന്നത് – ബാബാ അങ്ങ് വന്ന് വീണ്ടും ഞങ്ങളെ പാവനമാക്കി മാറ്റൂ.

നിങ്ങൾ ആദ്യം പാവനമായ ശാന്തിധാമത്തിലേയ്ക്കാണ് പോകുന്നത് പിന്നീട് സുഖധാമത്തിലേക്ക് വരുന്നു. ആദ്യം സുഖമാണ്, പിന്നീട് ദു:ഖമാണ്. ഈ സുഖത്തിന്റെ അളവ് കൂടുതലാണ്. തുല്യമാണെങ്കിൽ യാതൊരു പ്രയോജനവുമില്ല. ബാബ മനസ്സിലാക്കിത്തരികയാണ് ഈ ഡ്രാമ ഉണ്ടാക്കിയിരിക്കുന്നതിൽ മുക്കാൽ ഭാഗം സുഖവും ബാക്കി കാൽ ഭാഗം കുറച്ചു കുറച്ച് ദുഃഖവുമാണ്. അതുകൊണ്ടാണ് സുഖ ദുഃഖത്തിന്റെ കളിയെന്ന് പറയുന്നത്. ബാബയ്ക്കറിയാം എന്നെ നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ആർക്കും അറിയാൻ സാധിക്കില്ല. ഞാനാണ് നിങ്ങൾക്ക് എന്റെ പരിചയം നൽകുന്നത് ഒപ്പം സൃഷ്ടിചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ പരിചയവും നൽകുന്നു. നിങ്ങളെ നാസ്തികരിൽനിന്ന് ആസ്തികരാക്കി മാറ്റന്നു. 3 ലോകത്തേയും നിങ്ങൾക്കറിയാം. ഭാരതവാസികൾ കല്പത്തിന്റെ ആയുസ്സുപോലും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബ നമ്മളെ വീണ്ടും പഠിപ്പിക്കുകയാണ്. ബാബ ഗുപ്തവേഷത്തിൽ അന്യന്റെ ദേശത്തേയ്ക്ക് വന്നിരിക്കുകയാണ്. ബാബയും ഗുപ്തമാണ്. മനുഷ്യൻ തന്റെ ശരീരത്തെ അറിയുന്നുണ്ട് ആത്മാവിനെ അറിയുന്നില്ല. ആത്മാവ് അവിനാശിയാണ്, ദേഹം വിനാശിയാണ്. ആത്മാവിനേയും ആത്മാവിന്റെ പിതാവിനേയും നിങ്ങൾ ഒരിക്കലും മറക്കാൻ പാടില്ല. നമ്മൾ പരിധിയില്ലാത്ത ബാബയിൽനിന്ന് സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. പവിത്രമായി മാറുമ്പോഴാണ് സമ്പത്ത് ലഭിക്കുക. ഈ രാവണന്റെ രാജ്യത്തിൽ നിങ്ങൾ പതീതമായി. അതുകൊണ്ടാണ് ബാബയെ വിളിക്കുന്നത്. രണ്ട് അച്ഛന്മാരുണ്ട്. പരമപിതാ പരമാത്മാവ് എല്ലാ ആത്മാക്കളുടേയും ഒരേയൊരു പിതാവാണ്. സഹോദരങ്ങൾ എല്ലാവരുടേയും പിതാവാകുന്നില്ല. എപ്പോഴാണോ ഭാരതത്തിൽ ധർമ്മത്തിന് അതിഗ്ലാനിയുണ്ടാകുന്നത്, അപ്പോൾ എല്ലാ ധർമ്മത്തിലുള്ളവരും പാരലൗകിക പിതാവിനെ മറക്കുന്നു, അപ്പോഴാണ് ബാബ വരുന്നത്. ഇതും കളിയാണ്. കളിയിൽ എന്ത് സംഭവിക്കുന്നുവോ അത് വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ആത്മാക്കൾ എത്ര പ്രാവശ്യം പാർട്ട് അഭിനയിക്കാൻ വന്നുപോകുന്നു, ഈ നാടകം അനാദിയായി പേനിനെപ്പോലെ ചലിച്ചുകൊണ്ടേയിരിക്കുന്നു. ഒരിയ്ക്കലും അവസാനിക്കുന്നില്ല. ടിക് ടിക് എന്നടിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഒരു സെക്കന്റിന് മറ്റൊന്നിനോട് സാമ്യമില്ല. വണ്ടർഫുൾ നാടകമാണ്. ഓരോ സെക്കന്റും എന്ത് സൃഷ്ടിയിൽ സംഭവിക്കുന്നുവോ അത് വീണ്ടും ആവർത്തിക്കുന്നതാണ്. ഓരോ ധർമ്മത്തിന്റേയും മുഖ്യ പാർട്ട്ധാരികൾ ആരെല്ലാമാണോ അവരെല്ലാം തന്റേതായ ധർമ്മം സ്ഥാപിക്കുന്നു. രാജധാനിയുടെ സ്ഥാപന ചെയ്യുന്നില്ല. ഒരേയൊരു പരമപിതാ പരമാത്മാവാണ് ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നത്, രാജധാനി അഥവാ രാജവംശത്തിന്റെ സ്ഥാപന ചെയ്യുന്നു. ധർമ്മസ്ഥാപകർ അവരുടെ ധർമ്മത്തെ സ്ഥാപിക്കുന്നു, അവരുടെ പിന്നാലെ ബാക്കിയുള്ളവർ വരുന്നു. എല്ലാവരേയും കൂട്ടിക്കൊണ്ടു പോകുന്നത് ആരാണ്? ബാബ. ചിലർ വളരെ കുറച്ച് പാർട്ടേ അഭിനയിക്കുന്നുള്ളു അതോടെ അവസാനിച്ചു. ചില ജീവികൾ ഉണ്ടായി ഉടൻതന്നെ നശിക്കുകയും ചെയ്യുന്നു. അവർക്ക് ഡ്രാമയുടെ കാര്യമേ ഇല്ല. ശ്രദ്ധ ഏത് ഭാഗത്തേക്കാണ് പോകേണ്ടത്? ഒന്ന് രചയിതാവിന്റെ ഭാഗത്തേക്ക് പോകണം, രചയിതാവിനെത്തന്നെയാണ് പറയുന്നത് അല്ലയോ ഗോഡ് ഫാദർ, അല്ലയോ പരമപിതാ പരമാത്മാവേ. ബാബ സർവ്വ ആത്മാക്കളുടേയും പിതാവാണ്. ആദ്യം ആദിസനാതനദേവീദേവതാധർമ്മം ഉണ്ടായിരുന്നു. സൃഷ്ടി എത്ര വലിയ പരിധിയില്ലാത്ത വൃക്ഷമാണ്. എത്ര മതങ്ങളാണ്, എത്ര വൈവിധ്യം നിറഞ്ഞ വസ്തുക്കൾ ഉണ്ടാകുന്നു. എണ്ണമെടുക്കാൻ പ്രയാസമാകുന്നു. മനുഷ്യ സൃഷ്ടി വൃക്ഷത്തിന്റെ അടിത്തറയില്ല. ബാക്കി ശാഖകൾ മാത്രമാണ്. ബാബ പറയുകയാണ് – മധുര മധുരമായ കുട്ടികളേ, ഞാൻ വരുന്നത് അനേകധർമ്മങ്ങൾ ഉണ്ടാകുമ്പോഴാണ്. അടിത്തറയാകുന്ന ധർമ്മത്തിന് പ്രായലോപം സംഭവിക്കുമ്പോൾ. ഒരേയൊരു ആദിസനാതന ധർമ്മം മാത്രമാണ് ഉണ്ടായിരുന്നത്. ബാക്കിയെല്ലാ ധർമ്മങ്ങളും പിന്നീടാണ് വരുന്നത്. ത്രേതായുഗത്തിൽ വളരെയധികം പേരുണ്ട്. അവർ സ്വർഗ്ഗത്തിലേക്ക് വരുന്നില്ല.

നിങ്ങൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്യുന്നു നമുക്ക് സ്വർഗ്ഗത്തിൽ പുതിയ ലോകത്തിലേക്ക് പോകണം. ബാബ പറയുകയാണ് നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നത് എന്നെ ഓർമ്മിച്ച് പാവനമായി മാറി ദൈവീകഗുണങ്ങൾ ധാരണ ചെയ്യുമ്പോഴാണ്. വൃക്ഷത്തിന് അനേകം ശാഖകളുമുണ്ട്. കുട്ടികൾക്ക് വൃക്ഷത്തെക്കുറിച്ചറിയാം നമ്മൾ ആദിസനാതനദേവീദേവതാധർമ്മത്തിൽ ഉള്ളവരായിരുന്നു. ഇപ്പോൾ സ്വർഗ്ഗമില്ല ഇപ്പോൾ നരകമാണ്. ഇപ്പോൾ ബാബ ചോദ്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് തന്റെ ഹൃദയത്തോട് ചോദിക്കൂ – നമ്മൾ സത്യയുഗത്തിലെ സ്വർഗ്ഗവാസികളായിരുന്നോ അതോ കലിയുഗത്തിലെ നരകവാസികളായിരുന്നോ? സത്യയുഗത്തിൽനിന്നും നേരെ കലിയുഗത്തിലേക്ക് ഇറങ്ങി വന്നവരാണോ? പിന്നീട് മുകളിലേക്ക് എങ്ങനെ പോകും? ബാബ പഠിപ്പിക്കുകയാണ് നിങ്ങൾ എങ്ങനെ തമോപ്രധാനത്തിൽനിന്നും സതോപ്രധാനമായി മാറും? സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. എങ്കിൽ യോഗാഗ്നിയിലൂടെ നിങ്ങളുടെ പാപങ്ങൾ ഭസ്മമാകും. കഴിഞ്ഞ കല്പത്തിലും നിങ്ങളെ ജ്ഞാനം പഠിപ്പിച്ച് ദേവതയാക്കി

മാറ്റിയതായിരുന്നു, ഇപ്പോൾ നിങ്ങൾ തമോപ്രധാനമായി മാറിയിരിക്കുന്നു. തീർച്ചയായും ആരെങ്കിലും സതോപ്രധാനമാക്കി മാറ്റാൻ ഉണ്ടാകും. ഒരിക്കലും മനുഷ്യന് പതീതപാവനനാകാൻ കഴിയില്ല. അല്ലയോ പതീത പാവനാ, ഭഗവാനേ എന്ന് എപ്പോഴെല്ലാം വിളിക്കുന്നുവോ അപ്പോഴെല്ലാം ബുദ്ധി മുകളിലേക്കാണ് പോകുന്നത്. ബാബ നിരാകാരനാണ്. ബാക്കിയെല്ലാവരും ദേഹധാരികളാണ്. എല്ലാവരും പുനർജ്ജന്മം എടുത്തുകൊണ്ടിരിക്കുന്നു എന്നാൽ ഞാൻ മാത്രം പുനർജ്ജന്മരഹിതനാണ്. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്, ഇതാരും അറിയുന്നില്ല. നിങ്ങളും അറിഞ്ഞിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങളെ സ്വദർശനചക്രധാരിയെന്ന് പറയും. നിങ്ങൾ തന്റെ ആത്മാവിന്റെ സ്വധർമ്മത്തിൽ ഇരിക്കൂ. സ്വയത്തെ ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ. ബാബ മനസ്സിലാക്കിത്തരികയാണ് ഈ സൃഷ്ടിചക്രം എങ്ങിനെയാണ് കറങ്ങുന്നത്. നിങ്ങളുടെ പേര് സ്വദർശനചക്രധാരിയെന്നാണ്. ഈ ജ്ഞാനം മറ്റാർക്കുമില്ല. നിങ്ങൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം. ബാബ നമ്മുടെ ടീച്ചറുമാണ്. വളരെ മധുരമായ ബാബയാണ്. ബാബയെപ്പോലെ മധുരമായി ആരുമില്ല. നിങ്ങൾ പാരലൗകിക ബാബയുടെ കുട്ടികൾ പരലോകത്തിൽ വസിച്ചിരുന്ന ആത്മാക്കളാണ്. ബാബയും പരമധാമത്തിലാണ് വസിക്കുന്നത്. എങ്ങനെയാണോ ലൗകിക പിതാവ് കുട്ടിക്ക് ജന്മം കൊടുത്തതിനുശേഷം പാലിക്കുന്നത് അവസാനം എല്ലാ സമ്പത്തും കൊടുക്കുന്നത് അതുപോലെയാണ്. കാരണം കുട്ടി അവകാശിയാണ്, ഇത് നിയമമാണ്. നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളായി മാറിയിരിക്കുന്നു, ബാബ പറയുകയാണ് ഇപ്പോൾ നിങ്ങളെല്ലാവർക്കും ശബ്ദത്തിനുപരിയായ വീട്ടിലേക്ക് തിരിച്ചുപോകണം. പരമധാമത്തിൽ ശാന്തിയാണ്. പിന്നീട് ചലനത്തിന്റെ ലോകം. അതും കഴിഞ്ഞ് ശബ്ദത്തിന്റെ ലോകം. കുട്ടികൾ സൂക്ഷ്മവതനത്തിലേക്ക് പോകാറുണ്ട്, സാക്ഷാത്ക്കാരം ഉണ്ടാകാറുണ്ട്. ആത്മാവ് വിട്ടുപോകുന്നില്ല. ഡ്രാമയിൽ എന്ത് അടങ്ങിയിട്ടുണ്ടോ അത് സെക്കന്റ് ബൈ സെക്കന്റ് ആവർത്തിച്ചുകൊണ്ടിരിക്കും. ഒരു സെക്കന്റുപോലെയല്ല അടുത്തത്. മനുഷ്യരുടെ എന്തെല്ലാം പാർട്ട് നടക്കുന്നുണ്ടോ, നല്ലതും ചീത്തയായതും. എല്ലാം ഡ്രാമയിൽ അടങ്ങിയതാണ്. സത്യയുഗത്തിൽ നല്ലതും കലിയുഗത്തിൽ മോശമായതുമായ പാർട്ട് അഭിനയിക്കുന്നു. കലിയുഗത്തിൽ മനുഷ്യർ ദുഃഖികളാകുന്നു. രാമരാജ്യത്തിൽ മോശമായ കാര്യങ്ങളൊന്നും നടക്കുന്നില്ല. രാമരാജ്യവും രാവണരാജ്യവും ഒരുമിച്ചല്ല. ഡ്രാമയെക്കുറിച്ചുള്ള അറിവില്ലാത്തതു കാരണം പറയുന്നു സുഖ-ദുഃഖം പരമാത്മാവാണ് നൽകുന്നത്. എങ്ങനെയാണോ ശിവബാബയെ ആരും അറിയാത്തത്, അതേപോലെ രാവണനേയും ആരും അറിയുന്നില്ല. ശിവജയന്തി ഓരോ വർഷവും ആഘോഷിക്കുന്നുണ്ട്. രാവണന്റെ കോലമുണ്ടാക്കി നശിപ്പിക്കുന്നതും ഓരോ വർഷവും ആഘോഷിക്കുന്നു. ഇപ്പോൾ പരിധിയില്ലാത്ത ബാബ തന്റെ പരിചയം തന്നുകൊണ്ടിരിക്കുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. ബാബ വളരെ മധുരമാണ്. ബാബ സ്വയം തന്റെ മഹിമ ചെയ്യുന്നില്ല, ആർക്കാണോ ബാബയിൽനിന്നും സുഖം ലഭിക്കുന്നത്, അവരാണ് ബാബയുടെ മഹിമ ചെയ്യുന്നത്.

നിങ്ങൾ കുട്ടികൾക്ക് ബാബയിൽനിന്നും സമ്പത്ത് ലഭിക്കുന്നു ബാബ സ്നേഹസാഗരനാണ്. സത്യയുഗത്തിൽ നിങ്ങൾ വളരെ മധുരമായിരിക്കും. ചിലർ പറയും സത്യയുഗത്തിലും വികാരങ്ങളെല്ലാം ഉണ്ട്, നിങ്ങൾ പറയൂ അവിടെ രാവണന്റെ രാജ്യമില്ല. രാവണരാജ്യം ദ്വാപരയുഗത്തിലാണ് ഉണ്ടാകുന്നത്. എത്ര നല്ലരീതിയിലാണ് ബാബ മനസ്സിലാക്കിത്തരുന്നത്. ലോകത്തിന്റെ ഹിസ്റ്ററി, ജ്യോഗ്രഫി ആരും അറിയുന്നില്ല. ഈ സമയം നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ്. വീണ്ടും നിങ്ങളാണ് ദേവതയായി മാറുന്നത്. ദേവതകളേക്കാൾ ഉയർന്നവരായി വേറെ ആരുംതന്നെയില്ല, അതുകൊണ്ടാണ് അവിടെ ഗുരുവിന്റെ ആവശ്യമില്ലാത്തത്. ഇവിടെയാണെങ്കിൽ അനവധി ഗുരുക്കന്മാരുണ്ട്. സദ്ഗുരു ഒരാളാണ്. സിക്ക് ധർമ്മത്തിലുള്ളവർ പോലും പറയും സദ്ഗുരു അകാലമൂർത്തിയാണ്. ബാബ കാലന്റെയും കാലൻ മഹാകാലനാണ്. ബാബ പറയുന്നു ഞാനാണ് എല്ലാവരേയും കൂട്ടിക്കൊണ്ടുപോകുന്നത്. പവിത്രമാക്കി മാറ്റി എല്ലാവരേയും ആദ്യം ശാന്തിധാമത്തിലേക്കും പിന്നീട് സുഖധാമത്തിലേക്കും കൂട്ടിക്കൊണ്ടുപോകുന്നു. അഥവാ എന്റേതായി മാറിയിട്ട് പിന്നീട് മായയുടേതായി മാറിയാൽ, പറയാറില്ലേ ഗുരുവിന്റെ നിന്ദകൻ ഗതി പ്രാപിക്കില്ല. അവർക്ക് സ്വർഗ്ഗത്തിന്റെ സമ്പൂർണ്ണ സുഖം അനുഭവിക്കാൻ സാധിക്കില്ല. പ്രജയായി മാറും. ബാബ പറയുന്നു - കുട്ടികളേ, എന്നെ നിന്ദിക്കാതിരിക്കൂ. ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. ആർക്കും ദുഃഖം കൊടുക്കരുത്. ബാബ പറയുകയാണ് ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ സുഖധാമത്തിന്റെ അധികാരിയാക്കി മാറ്റാൻ. ബാബ സ്നേഹത്തിന്റെ സാഗരനാണ്, മനുഷ്യർ ദുഃഖം കൊടുക്കുന്ന കാര്യത്തിൽ സാഗരനാണ്. കാമവികാരത്തിൽ പെട്ട് പരസ്പരം ദുഃഖം കൊടുക്കുന്നു. സത്യയുഗത്തിൽ ഈ കാര്യമേ ഇല്ല. സത്യയുഗം രാമരാജ്യമാണ്. യോഗബലത്തിലൂടെയാണ് കുട്ടികൾ ജന്മമെടുക്കുന്നത്. യോഗബലത്തിലൂടെ നിങ്ങൾ മുഴുവൻ വിശ്വത്തേയും പവിത്രമാക്കി മാറ്റുന്നു. നിങ്ങൾ യുദ്ധവീരന്മാരാണ് പക്ഷേ ആരും അറിയുന്നില്ല. നിങ്ങൾ വളരെ പ്രശസ്തരായി മാറും. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ദേവിമാർക്ക് എത്ര ക്ഷേത്രങ്ങളുണ്ടാക്കുന്നു. പറയാറുണ്ടല്ലോ

അമൃത കലശം മാതാക്കളുടെ ശിരസ്സിൽ വച്ചു. ഗോമാതാ എന്നല്ലേ പറയുന്നത്, ഇതാണ് ജ്ഞാനം. വെള്ളത്തിന്റെ കാര്യമല്ല. നിങ്ങൾ ശിവശക്തിസേനകളാണ്. ബാക്കിയുള്ളവർ കോപ്പിയടിച്ച് ഗുരുവായി മാറുന്നു. നിങ്ങൾ സത്യമായ തോണിയിലാണിരിക്കുന്നത്. പാടാറുണ്ടല്ലോ ഞങ്ങളുടെ തോണിയെ അക്കരെയെത്തിക്കൂ.. ഇപ്പോൾ തോണിക്കാരനെ ലഭിച്ചിരിക്കുകയാണ്. അക്കരെ കൂട്ടിക്കൊണ്ടുപോകാൻ. വേശ്യാലയത്തിൽനിന്നും ശിവാലയത്തിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്. ബാബയെ തോട്ടക്കാരനെന്നും പറയും, മുൾക്കാടിനെ പൂന്തോട്ടമാക്കി മാറ്റുന്നു. സത്യയുഗത്തിൽ സുഖം മാത്രമാണുള്ളത്. ഇവിടെയാണെങ്കിൽ ദുഃഖമാണ്. ബാബ നോട്ടീസ് അച്ചടിക്കുന്നതിനുവേണ്ടി പറയാറുണ്ട്. അതിലെഴുതണം – തന്റെ ഹൃദയത്തോടു ചോദിക്കൂ സ്വർഗ്ഗവാസിയാണോ നരകവാസിയാണോ വളരെ ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കും. എല്ലാവരും പറയുന്നുണ്ടല്ലോ ഭ്രഷ്ടാചാരികളെന്ന് അതിനർത്ഥം ഏതോ സമയത്ത് ശ്രേഷ്ഠാചാരികൾ ഉണ്ടായിരുന്നു!. അത് ദേവതകളായിരുന്നു, അവർ ഇപ്പോഴില്ല. ഇപ്പോൾ ദേവീദേവതാധർമ്മം പ്രായലോപമായി അപ്പോഴാണ് ഭഗവാന് വരേണ്ടിവരുന്നത്, ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ. നിങ്ങൾ സ്വയത്തിനുവേണ്ടി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ് ശ്രീമതത്തിലൂടെ. ശരി,

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം –

1. ബാബയ്ക്കുസമാനം സ്നേഹത്തിന്റെ സാഗരമായി മാറണം. ദുഃഖത്തിന്റെ സാഗരമല്ല. ബാബയെ നിന്ദിക്കുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. വളരെ മധുരവും സ്നേഹിയുമായി മാറണം.

2. യോഗബലത്തിലൂടെ പവിത്രമായി മാറി മറ്റുള്ളവരേയും പവിത്രമാക്കി മാറ്റണം. മുൾക്കാടിനെ പൂന്തോട്ടമാക്കി മാറ്റാനുള്ള സേവനം ചെയ്യണം. സദാ സന്തോഷത്തിലിരിക്കണം നമ്മുടെ മധുരമായ ബാബ അച്ഛനും ടീച്ചറുമാണ്. ബാബയെപ്പോലെ മധുരമായി വേറെ ആരും തന്നെയില്ല.

## വരദാനം:– പരമാത്മാ ലാളന പ്രാപ്തമാക്കുന്ന ഇപ്പോഴത്തെയും ഭാവിയിലെയും രാജ ലാളനക്ക് പാത്രമായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ താങ്കൾ കുട്ടികൾ തന്നെയാണ് ദിലാരാമന്റെ ലാളനക്ക് പാത്രമാകുന്നത് . ഈ പരമാത്മാ ലാളന കോടിയിലും ചില ആത്മാക്കൾക്കാണ് ലഭിക്കുന്നത്. ഈ ദിവ്യ ലാളനയിലൂടെ രാജ ലാളനക്ക് പാത്രമാകുന്നു. രാജലാളന അർത്ഥം ഇപ്പോഴും രാജാവ്, ഭാവിയിലും രാജാവ്. ഭാവിക്ക് മുമ്പേതന്നെ ഇപ്പോൾ സ്വരാജ്യ അധികാരിയായി മാറി. എപ്രകാരം ഭാവിയിലെ രാജാവിന് മഹിമയുണ്ടോ ഒരു രാജാവ് ,ഒരു ധർമ്മം...അതേപോലെ ഇപ്പോൾ സർവ്വ കർമ്മേന്ദ്രിയങ്ങൾക്ക്മേൽ ആത്മാവിന്റെ ഒരു കുടക്കീഴിലുള്ള രാജ്യമാണ്.

## സ്ലോഗൻ:– തന്റെ മുഖത്തിലൂടെ ബാബയുടെ സംസ്കാരം കാണിക്കുന്നവർ തന്നെയാണ് പരമാത്മാ സ്നേഹി.